പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4845 24/07/2015 ൽ മറുപടിക്ക്

## ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി-കക്കാട് പി.എച്ച്.സി

| ചോദ്യം<br>**ശ്രീ. ബി.ഡി. ദേവസ്സി** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി-കക്കാട് പി.എച്ച്.സി. യിലെ കിടത്തി ചികിത്സ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കക്കാട് പി.എച്ച്.സി.യിലെ പുതിയ ഒ.പി. കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് അധിക തസ്തികകളും സൗകര്യങ്ങളും സൃഷ്ടിക്കുന്ന മുറയ്ക്ക് കിടത്തി ചികിത്സ പുനരാരംഭിക്കുന്നതാണ്. |
| (ബി) | കക്കാട് പി.എച്ച്.സി യുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കക്കാട് പി.എച്ച്.സി കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും അവിടെ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | ചാലക്കുടി നിയോജക മണ്ഡലത്തിലെ കക്കാട് പി.എച്ച്.സി.യുടെ ഒ.പി. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തി കാട്ടുകുറ്റി പഞ്ചായത്ത് സെക്രട്ടറിയുടെ നിർവഹണ ചുമതലയിലാണ് ഒ.പി. കെട്ടിട നിർമ്മാണം നടക്കുന്നത്. ഇപ്പോൾ ഒ.പി.യിൽ വരുന്ന രോഗികളെ പരിശോധിക്കുന്നതും മരുന്ന് കൊടുക്കുന്നതും ഐ.പി. കെട്ടിടത്തിലാണ്. ഒ.പി. കെട്ടിടം പണി പൂർത്തീകരിച്ചാൽ മാത്രമേ ഐ.പി. കെട്ടിടത്തിൽ സൗകര്യം ഉണ്ടാവുകയുള്ളൂ. നിലവിൽ അനുവദിച്ച തസ്തികകൾ 23 ആണ്. 24X7 പി.എച്ച്.സി. നിലവാരത്തിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ